**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 68** **31-01-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വികസന വകുപ്പിലെ ക്രമക്കേടുകൾ തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന വിവിധ ക്ഷേമപ്രവർത്തനങ്ങളിലും പദ്ധതിപ്രവർത്തനങ്ങളിലും ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന വിവിധങ്ങളായ ക്ഷേമ പ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ എന്നിവയിൽ ചിലതിൽ ക്രമക്കേടുകൾ നടക്കുന്നതായി വകുപ്പ് അന്വേഷണങ്ങളിലും വിജിലൻസ് പരിശോധനകളിലും കണ്ടെത്തിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ ജില്ലാ കളക്ടർ അധ്യക്ഷനായ മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. സാമ്പത്തിക ആനുകൂല്യങ്ങൾ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുന്ന DBT (Direct Beneficiary Transfer) സംവിധാനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ, സെക്രട്ടറിയേറ്റ് ധനകാര്യ പരിശോധന വിഭാഗം, ജില്ലാ ധനകാര്യ പരിശോധന വിഭാഗം എന്നിവ വകുപ്പിന്റെ ഓഫീസുകളിൽ പരിശോധന നടത്തുകയും പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. വകുപ്പിലെ ആഭ്യന്തര പരിശോധന വിഭാഗം കൃത്യമായ ഇടവേളകളിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളിലെയും എല്ലാ പദ്ധതികളും സസൂക്ഷ്മം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ എല്ലാ നിയന്ത്രണ ഉദ്യോഗസ്ഥർക്കുമായി സംസ്ഥാനത്തെ എല്ലാ ജില്ലകളുടെയും ചുമതലകൾ നൽകി പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>കണ്ടെത്തുന്ന ക്രമക്കേടുകളിൽ വകുപ്പ് തലത്തിൽ ക്രിയാത്മകമായി ഇടപെടലുകൾ നടത്തുകയും അത്തരം ക്രമക്കേടുകൾ |

| | | | |
|---|---|---|---|
| | | | ആവർത്തിക്കാതിരിക്കുന്നതിനായി ഡയറക്ടർ തലത്തിലും മറ്റ് ഉദ്യോഗസ്ഥ തലത്തിലും പരിശോധന നടത്താറുണ്ട്.<br><br>കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് വിവിധ വകുപ്പുകളും തദ്ദേശ സ്ഥാപനങ്ങളും നിർവ്വഹണം നടത്തുന്ന പദ്ധതികളുടെ അവലോകനത്തിനും മേൽനോട്ടത്തിനുമായി എം.എൽ.എ.-മാർ അദ്ധ്യക്ഷന്മാരായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന വിവിധങ്ങളായ ക്ഷേമ പ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ എന്നിവയിൽ ചിലതിൽ ക്രമക്കേടുകൾ നടക്കുന്നതായി വകുപ്പ് അന്വേഷണങ്ങളിലും വിജിലൻസ് പരിശോധനകളിലും കണ്ടെത്തിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ ജില്ലാ കളക്ടർ അധ്യക്ഷനായ മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. സാമ്പത്തിക ആനുകൂല്യങ്ങൾ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുന്ന DBT (Direct Beneficiary Transfer) സംവിധാനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ, സെക്രട്ടറിയേറ്റ് ധനകാര്യ പരിശോധന വിഭാഗം, ജില്ലാ ധനകാര്യ പരിശോധന വിഭാഗം എന്നിവ വകുപ്പിന്റെ ഓഫീസുകളിൽ പരിശോധന നടത്തുകയും പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. വകുപ്പിലെ ആഭ്യന്തര പരിശോധന വിഭാഗം കൃത്യമായ ഇടവേളകളിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളിലെയും എല്ലാ പദ്ധതികളും സസൂക്ഷ്മം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ എല്ലാ നിയന്ത്രണ ഉദ്യോഗസ്ഥർക്കുമായി സംസ്ഥാനത്തെ എല്ലാ ജില്ലകളുടെയും ചുമതലകൾ നൽകി പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>കണ്ടെത്തുന്ന ക്രമക്കേടുകളിൽ വകുപ്പ് തലത്തിൽ ക്രിയാത്മകമായി ഇടപെടലുകൾ നടത്തുകയും അത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിനായി ഡയറക്ടർ തലത്തിലും മറ്റ് ഉദ്യോഗസ്ഥ തലത്തിലും പരിശോധന നടത്താറുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് വിവിധ വകുപ്പുകളും തദ്ദേശ സ്ഥാപനങ്ങളും നിർവ്വഹണം നടത്തുന്ന പദ്ധതികളുടെ അവലോകനത്തിനും മേൽനോട്ടത്തിനുമായി എം.എൽ.എ.-മാർ അദ്ധ്യക്ഷന്മാരായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളും നിലവിലുണ്ട്. |
| (സി) | ഇത് സംബന്ധിച്ച വിജിലൻസ് റിപ്പോർട്ട് വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | ഇടുക്കി ജില്ലയിലെ മറയൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ പരിധിയിൽ അഴിമതി ആരോപണം സംബന്ധിച്ച് VC 15/21/IDK നമ്പർ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br><br>പത്തനംതിട്ട ജില്ലയിൽ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് VC 1/17/PTA നമ്പർ കേസിൽ വിജിലൻസ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. വകുപ്പിൽ നിന്നും പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്.<br><br>ഇടുക്കി ജില്ലയിൽ ഇടമലക്കുടിയിൽ 2008 മുതൽ 2011 വരെയുള്ള ഭവനനിർമ്മാണം, ആട്ടുവളർത്തൽ, റബ്ബർ കൃഷി എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് VE 02/2016/1OK നമ്പരിൽ വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തുകയും വകുപ്പ് തലത്തിൽ തുടർനടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>നെടുമങ്ങാട് ഐ.റ്റി.ഡി പ്രോജക്ട് ഓഫീസിനു കീഴിൽ ഭക്ഷ്യ സഹായ പദ്ധതിയിലെ അഴിമതി ആരോപണം സംബന്ധിച്ച് VC 6/2013/TVM നമ്പരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും 28.01.2015 ന് പ്രോസിക്യൂഷൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br><br>ജനനീ ജന്മരക്ഷാ പദ്ധതി നടത്തിപ്പിലെ തുക വിതരണം ചെയ്തതിലുണ്ടായ ക്രമക്കേട് സംബന്ധിച്ച് VC.08/2017/S.RT നമ്പരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br><br>കണ്ണൂർ ഐ.റ്റി.ഡി പ്രോജക്ട് ഓഫീസിന്റെ അധികാരപരിധിയിൽ ആലക്കോട് സൈറ്റ് മാനേജർ, ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് 10,000/- രൂപ കൈക്കൂലി വാങ്ങിയതിനെ തുടർന്ന് വിജിലൻസ് അറസ്റ്റ് ചെയ്യുകയും VC 03/2023/KNR |

| | | | |
|---|---|---|---|
| | | | എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ